# First India-Chile Joint Commission Meeting

October 16, 2020

## ഇന്ത്യയും ചിലിയും തമ്മിലുള്ള ആദ്യ ജോയിന്റ് കമ്മിഷൻ മീറ്റിങ്
**ഒക്ടോബര് 16, 2020**

1. ഇന്ത്യയും ചിലിയും തമ്മിലുള്ള ആദ്യ ജോയിന്റ് കമ്മീഷൻ മീറ്റിംഗ് 2020 ഒക്ടോബർ 16 ന് വിര്ച്വലായി നടന്നു. ഇതിൽ ഇന്ത്യൻ വിദേശകാര്യമന്ത്രി (EAM) ഡോ.എസ് ജയശങ്കർ , ചിലി റിപ്പബ്ലിക്കിന്റെ വിദേശകാര്യമന്ത്രി അഡ്രസ് അല്ലാമന്ദ് സവല എന്നിവർ സംയുക്തമായി അധ്യക്ഷത വഹിച്ചു.

2. വിദേശമന്ത്രിമാർ പങ്കെടുക്കുന്ന ഇരു രാജ്യങ്ങൾക്കും ഇടയിലുള്ള ആദ്യ ചർച്ചകൾ എന്ന നിലയിൽ ഇന്ത്യ- ചിലി ബന്ധങ്ങളിലെ ഒരു പ്രധാന നവീകരണമാണ് ജോയിന്റ് കമ്മിഷൻ എന്ന് ഇരു വിഭാഗങ്ങളും നിരീക്ഷിച്ചു. .

3. വിദേശനയത്തിൽ ഇന്ത്യയെ ഒരു മുൻഗണന നൽകേണ്ട രാജ്യമായി അംഗീകരിക്കുന്നതിനുള്ള ചിലിയുടെ തീരുമാനം ഇന്ത്യ സ്വാഗതം ചെയ്തു.ചിലി മുംബൈയിൽ ഒരു കോൺസുലേറ്റ് ജനറൽ സ്ഥാപിക്കുകയും ചെയ്യുന്നതാണ്.

4. ഉഭയകക്ഷി ബന്ധങ്ങൾ കണക്കിലെടുക്കുമ്പോൾ , ഇന്ത്യ -ചിലി ബന്ധങ്ങളിൽ അടുത്തിടെയുണ്ടായ വികസനങ്ങളെക്കുറിച്ച് ഇരു വിഭാഗങ്ങളും അവലോകനം ചെയ്തു. വിശാലമായ തരത്തിലുള്ള ഇടപാടുകൾക്കായി ഭാവിയിലെ മാർഗങ്ങളും ഇരു ഭാഗങ്ങളും ചർച്ച ചെയ്തു. വാണിജ്യ-വ്യവസായങ്ങൾ, കാർഷികമേഖല , ആരോഗ്യം സാമൂഹിക സുരക്ഷാ , പ്രതിരോധം, ബഹിരാകാശം, ശാസ്ത്ര സാങ്കേതിക വിദ്യ, ഊർജം, ഖനനം, സംസ്കാരം വിദ്യാഭ്യാസം, ദുരന്ത നിവാരണം കൂടാതെ അന്റാർട്ടിക്കയുമായുള്ള സഹകരണം എന്നിവയുൾപ്പെടുന്ന മേഖലകളിലെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ പുതിയ ആവേഗം കൊണ്ടുവരുന്നതിന് അവർ അനുകൂലിച്ചു.

5. പരസ്പരം താല്പര്യമുള്ള ആഗോള,പ്രാദേശിക വിഷയങ്ങളിൽ പ്രത്യേകിച്ചും കോവിഡ്-19 മഹാമാരി സാഹചര്യത്തെക്കുറിച്ചും ഇരു വിഭാഗവും തങ്ങളുടെ കാഴ്ച പാടുകൾ ചർച്ച ചെയ്തു.സ്വയം പര്യാപ്തത മൂലം ശക്തിപ്രാപിക്കുന്നതിനുള്ള പ്രധാനമന്ത്രിയുടെ ആത്മനിർഭർ ദർശനവും ഇന്ത്യയുടെ സാമ്പത്തിക പുനരുദ്ധാരണത്തിനായി സ്വീകരിക്കുന്ന മാനവികത കേന്ദ്രീകരിച്ചുള്ള ആഗോളീകരണവും വിദേശകാര്യമന്ത്രി അടിവരയിട്ട് സൂചിപ്പിച്ചു. ഇന്ത്യയുടെ പുതിയ

സാമ്പത്തിക സാധ്യതകളെയും വളർന്നു വരുന്ന വിപണിയെയും ഉപയോഗപ്പെടുത്തുന്നതിന് അദ്ദേഹം ചിലിയെ സ്വാഗതം ചെയ്തു.

6. ധാരാളം ആഗോള പ്രാദേശിക വിഷയങ്ങളിലെ കാഴ്ചപ്പാടുകളിൽ പുലർത്തുന്ന സമാനതമൂലം, ബഹുരാഷ്ട്ര ഫോറമുകളിൽ സഹകരണത്തിൽ പ്രവർത്തിക്കാനും ഇരു രാജ്യങ്ങളും തമ്മിൽ ധാരണയായി.

**ന്യൂ ഡൽഹി**
**16 ഒക്ടോബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.